# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

30.01.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 1166

**പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. സണ്ണി ജോസഫ്**<br>**,, എ.പി. അനിൽ കുമാർ**<br>**,, അടൂർ പ്രകാശ്**<br>**,, അനൂപ് ജേക്കബ്** | **ശ്രീ. ജി.സുധാകരൻ**<br>**(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിൽ ഏർപ്പെടുത്തിയ സോഷ്യൽ ആഡിറ്റിംഗ് മുഖാന്തിരം പ്രസ്തുത വകുപ്പിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിശദമാക്കുമോ; | (എ) സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം. 1/2018/പി.ഡബ്ല്യു.ഡി. തീയതി 05/01/2018 പ്രകാരം സംസ്ഥാനത്ത് പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് പതിനാല് ജില്ലകളിലും സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ ആലപ്പുഴ ജില്ലയിൽ ഇതിന് മുമ്പ് നടപ്പിലാക്കിയത് വൻവിജയമായിരുന്നു. ഗുണനിലവാരം മെച്ചപ്പെടുത്താൻ മേൽനോട്ടം ശക്തിപ്പെടുത്തും. |
| (ബി) സോഷ്യൽ ആഡിറ്റിംഗ് വഴി വകുപ്പിലെ അഴിമതി കുറയ്ക്കുന്നതിനും പ്രവൃത്തികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും നിർമ്മാണച്ചെലവിൽ കാര്യമായ കുറവുണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുന്നതുവഴി വകുപ്പിലെ പ്രവർത്തികൾ സുതാര്യമാക്കുന്നതിനും, പ്രവർത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും, പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സാധിക്കുന്നതാണ്. |
| (സി) വകുപ്പിലെ ചില എഞ്ചിനീയറൻമാരും കോൺട്രാക്ടർമാരും തമ്മിലുള്ള അവിശുദ്ധ ബന്ധം വകുപ്പിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾക്ക് വിഘാതം | (സി) ഉണ്ട്. അത് തടയാനുള്ള ശ്രമങ്ങൾ വിജയിച്ചിട്ടുണ്ട്. അച്ചടക്ക നടപടി എടുത്തുവരുന്നു. |

| | | | |
|---|---|---|---|
| | സൃഷ്ടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | പൊതുമരാമത്ത് വകുപ്പിനെ ഒരു മാതൃകാ വകുപ്പാക്കുന്നതിന് ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിനായി സ്വീകരിക്കുവാൻ പോകുന്ന നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ? | (ഡി) | പൊതുമരാമത്ത് വകുപ്പിനെ ഒരു മാതൃകാ വകുപ്പായി ഉയർത്തുന്നതിന്റെ ഭാഗമായി എസ്റ്റിമേറ്റ് കുറ്റമറ്റതാക്കുക, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക, ഗുണമേന്മ ഉറപ്പ് വരുത്തുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, പുതിയ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക, സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുക, ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുക, കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുക, തുടങ്ങിയ കാര്യങ്ങളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. മെയിന്റനൻസ് പരിശോധന നടത്തും. |

സെക്ഷൻ ഓഫീസർ